# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *790

24..07..2012-ൽ

മറുപടിക്ക്.

### ഇൻകെലിന്റെ കൈവശമുളള ഭൂമിയിൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്

ചോദ്യം

ശ്രീമതി.കെ.കെ.ലതിക
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീ. കെ.വി.അബ്ദുൾ ഖാദർ
ശ്രീ. പുരുഷൻ കടലുണ്ടി

(എ) ഇൻകെലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇൻകെൽ ഇപ്പോൾ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ എവിടെയെല്ലാമാണ്;

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

(എ) കേരളത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനാവശ്യമായ വ്യവസായ പാർക്കുകൾ, കെട്ടിടങ്ങൾ, വെള്ളം, വൈദ്യുതി, യാത്രാ സൗകര്യങ്ങൾ, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, വിവരസാങ്കേതിക വിദ്യ എന്നിവ ലഭ്യമാക്കുക എന്നതാണ് ഇൻകലിന്റെ പ്രധാന പ്രവർത്തന മേഖല. ഇൻകെൽ ഇപ്പോൾ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. അങ്കമാലിയിൽ ടെൽക്കിനു സമീപം സ്ഥാപിക്കുന്ന വ്യവസായം, ലോജിസ്റ്റിക്സ്, എന്നിവയ്ക്കുള്ള സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂളിന്റെ ഒന്നാംഘട്ടം.
2. മലപ്പുറത്ത് പാണക്കാടുള്ള 'സ്മാൾ & മീഡിയം എൻടർപ്രൈസ് പാർക്ക്'.
3. പുര പദ്ധതിയുടെ ഭാഗമായി ഇൻകെൽ തളിക്കുളം പഞ്ചായത്തിലും തിരൂരങ്ങാടി പഞ്ചായത്തിലും നടത്തുന്ന വികസന പ്രവർത്തനങ്ങൾ.

കൂടാതെ, ഇൻകെലിന്റെയും, കെ.എസ്.ഐ.ഡി.സിയുടെയും സംയുക്ത സംരംഭമായ ഇൻകെൽ - കെ.എസ്.ഐ.ഡി.സി പ്രോജക്റ്റ് ലിമിറ്റഡിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മലപ്പുറത്തു ഹെൽത്ത് സിറ്റി.
2. അങ്കമാലിയിൽ ടെൽക്കിനു സമീപം സ്ഥാപിക്കുന്ന ലോജിസ്റ്റിക്സ് പാർക്കിന്റെ രണ്ടാംഘട്ടം.

(ബി) ഇൻകെലിന്റെ മൊത്തം ഷെയറുകളിൽ സർക്കാർ പങ്കാളിത്തം കുറയ്ക്കാനുദ്ദേശമുണ്ടോയെന്നും സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) ഇൻകെലിന്റെ മൊത്തം ഓഹരികളിൽ സർക്കാർ പങ്കാളിത്തം കുറയ്ക്കുവാനോ, സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കുവാനോ ഇപ്പോൾ ഉദ്ദേശമില്ല.

(സി) ഇൻകെലിന്റെ കൈവശം ഇപ്പോൾ ലഭ്യമായ ഭൂമി ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇൻകെലും കെ.എസ്.ഐ.ഡി.സിയുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഇൻകെൽ-കെ.എസ്.ഐ.ഡി.സി പ്രോജക്റ്റ് ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

1. അങ്കമാലിയിൽ ടെൽക്കിനു സമീപം വ്യവസായം, ലോജിസ്റ്റിക്സ് എന്നിവയ്ക്കു വേണ്ടിയുള്ള 30 ഏക്കർ ഭൂമി.
2. മലപ്പുറം - പാണക്കാട് സ്മാൾ & മീഡിയം എന്റെർപ്രൈസസ്, എജ്യൂ ഹെൽത്ത് സിറ്റി എന്നിവക്കാവശ്യമായ 243 ഏക്കർ ഭൂമി.

(ഡി) മലപ്പുറത്ത് ഇൻകെലിന്റെ കൈവശമുള്ള ഭൂമിയിൽ ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നിർദ്ദേശം നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) മലപ്പുറത്ത്, സംയുക്ത സംരംഭമായ ഇൻകെൽ - കെ.എസ്.ഐ.ഡി.സി പ്രോജെക്റ്റ് ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമിയിൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ഇ) എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനാവശ്യമായ കരട് മെമ്മോറാണ്ടം തയ്യാറായി കൊണ്ടിരിക്കുന്നു.

(എഫ്) ഇൻകെലിന്റെ മറ്റ് സ്ഥലങ്ങളിലുള്ള ഭൂമിയിൽ ഇപ്രകാരമുള്ള എന്തെങ്കിലും പദ്ധതികൾ തുടങ്ങാനുള്ള നിർദ്ദേശം നിലവിലുണ്ടോ?

(എഫ്) അങ്കമാലിയിലും മലപ്പുറത്തും അല്ലാതെ ഇൻകെലിന് മറ്റ് സ്ഥലങ്ങളിൽ ഭൂമിയില്ല.

**സെക്ഷൻ ഓഫീസർ**